# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5882 04.07.2019 -ൽ മറുപടിക്ക്**

**<u>സീബ്ര ലൈനുകൾ സംബന്ധിച്ച ചുമതല</u>**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.ടി. വി. ഇബ്രാഹിം :** | **ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) റോഡുകളിൽ സീബ്ര ലൈനുകൾ സ്ഥാപിക്കാനുള്ള ചുമതല ആർക്കാണെന്ന കാര്യം വിശദമാക്കാമോ; | (എ) റോഡുകളിൽ സീബ്ര ലൈൻ/റോഡ് മാർക്കിംഗ്സ് സ്ഥാപിക്കാനുള്ള അധികാരം ഇന്ത്യൻ റോഡ് കോൺഗ്രസ് ഗൈഡ് ലൈൻസ് പ്രകാരം റോഡ് ഓണിംഗ് അതോറിറ്റിയ്ക്കാണ്. (Road Owning Authority) |
| (ബി) നിലവിലുള്ള ഒരു സീബ്ര ലൈൻ പുതുക്കി വരയ്ക്കുന്നതിനുള്ള കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) നിലവിലുള്ള ഒരു സീബ്രാലൈൻ പുതുക്കി വരയ്ക്കുന്നതിനുള്ള കാലാവധി IRC:67 മാനദണ്ഡ പ്രകാരം 2 മുതൽ 3 വർഷം വരെയാണ്. വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സീബ്രാലൈൻ മാർക്ക ചെയ്യുമ്പോൾ ആ പദ്ധതിയുടെ ഡി.എൽ.പി. കാലാവധി വരെ അതാത് കോൺട്രാക്ടറുടെ ഉത്തരവാദിത്വമാണ്. അതിനു ശേഷം മാഞ്ഞുപോകുകയാണെങ്കിൽ മാറ്റി വരയ്ക്കുന്നതാണ്. |
| (സി) അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുന്നോടിയായി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മുൻവശത്തെ റോഡുകളിൽ സീബ്ര ലൈൻ തെളിഞ്ഞ് കാണുന്ന രീതിയിൽ | (സി) തൃശ്ശൂർ, കണ്ണൂർ, മൂവാറ്റുപുഴ എന്നീ ഡിവിഷനുകളുടെ കീഴിലുള്ള റോഡുകളിൽ മിക്കവാറും സ്കൂളുകളുടെ മുൻപിൽ സീബ്രാലൈൻ ഉണ്ട്. മറ്റ ഡിവിഷന്റെ കീഴിലുള്ള റോഡുകളിൽ |

വരച്ചിട്ടുണ്ടെന്ന കാര്യം ഉറപ്പ് വരുത്തിയിട്ടുണ്ടോ; ഇതിനുവേണ്ടി ചെയ്ത പ്രവർത്തനങ്ങൾ അറിയിക്കുമോ?

സ്കൂൾ സോൺ നവീകരണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ടിനായി കെ.ആർ.എസ്.എ. യ്ക്ക് സമർപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഘട്ടം ഘട്ടമായി നവീകരണ പ്രവൃത്തികൾ നടപ്പിലാക്കുന്നതാണ്. റീസർഫസിംഗ് പ്രവൃത്തികളുടെ ഡിഫക്ട് ലയബിലിറ്റി ഘട്ടങ്ങളിൽ സീബ്രാ ലൈനുകൾ മങ്ങുന്ന പക്ഷം ബന്ധപ്പെട്ട കരാറുകാരൻ വരയ്ക്കാൻ ബാധ്യസ്ഥനാണ്. അല്ലാത്ത സാഹചര്യത്തിൽ റോഡ് സുരക്ഷാ പദ്ധതിയിൽ വരകൾ പുതുക്കാറുണ്ട്. എന്നാൽ നമ്മുടെ അനുഭവത്തിൽ സീബ്രാവരകൾ 3 മാസത്തിൽ കൂടുതൽ നിൽക്കുന്നില്ല. ചിലത് ഒരുമാസം കഴിയുമ്പോൾ മായുന്നു. പലതിലും സീബ്രാലൈനില്ല. തിരുവനന്തപുരം നഗരത്തിൽ സീബ്രാലൈൻ കുറവാണ്. എന്നാൽ ചില ഗ്രാമങ്ങളിലെ MDR ൽ കാണാം. ഇനിമുതൽ എല്ലാ PWD റോഡുകളിലും NH കളിലും ഗുണമേൻമയുള്ള സീബ്രാലൈനുകൾ ഉണ്ടാകുന്നതിന് ഉത്തരവ് നൽകുന്നതാണ്.

**സെക്ഷൻ ഓഫീസർ**